**ദനഹാക്കാലം നാലാം ഞായർ**

**യോഹ 2:1-11**

## അവനെ അനുസരിക്കുന്നവർ അദ്ഭുതങ്ങൾ കാണും

റവ. ഡോ. മാർട്ടിൻ കല്ലുങ്കൽ

**ആമുഖം**

ഗലീലിയിലെ മലമ്പ്രദേശത്തെ ഒരു ചെറിയ ഗ്രാമമാണ് കാനാ. നസ്രത്തിൽ നിന്ന് ഒമ്പതു മൈൽ ദൂരമേ ഈ ഗ്രാമത്തിലേക്കുള്ളൂ. മാതാവും യേശുവും ശിഷ്യരും പങ്കെടുത്ത കല്യാണവിരുന്ന് നടന്നത് ഇവിടെയാണ്. ഇക്കാലത്തെ ഗ്രാമങ്ങളിലെന്നപോലെ, അന്നും വിവാഹങ്ങൾ വലിയ സാമൂഹ്യാഘോഷങ്ങളായാണ് ആളുകൾ കൊണ്ടാടിയിരുന്നത്. വന്നുചേരുന്ന എല്ലാ അതിഥികൾക്കും കല്യാണവീട്ടിൽ ഭക്ഷണമുണ്ട്. ഏതു നേരത്തും ലഭിക്കുന്ന റിഫ്രഷ്മെന്റിലെ മുഖ്യ ഇനം വീഞ്ഞായിരുന്നു. വീഞ്ഞെങ്ങാൻ തീർന്നുപോയാൽ ആഘോഷപരിപാടി തന്നെ പരാജയപ്പെട്ടതു പോലെയായിരുന്നു. അതിഥികൾക്കു വീഞ്ഞു തികയാതെ വരുന്നതു വലിയ ദുഃഖവും അപമാനവുമുണ്ടാക്കുന്ന കാര്യമാണ്. വിവാഹദിനമെന്ന നല്ലോർമ്മകളുടെ ശോഭ കെടുത്തിക്കളയുന്ന കാര്യമായി ഇതിനെ കരുതുന്ന നാട്ടുരീതിയാണ് ഗലീലി പ്രദേശത്തുണ്ടായിരുന്നത്. ഇന്നും ഗ്രാമീണ ചുറ്റുപാടുകളിൽ കാര്യങ്ങൾ വ്യത്യസ്തമല്ലല്ലോ. ഈ പശ്ചാത്തലത്തിലാണ് മറിയത്തിന്റെ ഇടപെടലും യേശുവിന്റെ അദ്ഭുതപ്രവൃത്തിയും ശിഷ്യരുടെ വിശ്വാസനുഭവവും സംഭവിക്കുന്നത്.

**വെള്ളമെങ്ങനെ വീഞ്ഞായി മാറി?**

വീഞ്ഞു തീർന്നുപോയ കാര്യം യേശുവിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നത് അവന്റെ അമ്മയായ മറിയമാണ്. എനിക്കും നിനക്കുമിതിൽ എന്ത്? എന്ന അമ്മയോടുള്ള യേശുവിന്റെ ചോദ്യത്തിന് രണ്ട് അർത്ഥസാധ്യതകളുണ്ട്. വെറും അതിഥികൾ മാത്രമായ നമുക്കിതിൽ എന്തു കാര്യം എന്ന ഒഴുക്കൻ മട്ടിലുള്ള ഒരു ചോദ്യമായി ഇതിനെ കാണാം. അതുമല്ലെങ്കിൽ ബൈബിളിൽ സമാനമായ പ്രയോഗം പ്രത്യക്ഷപ്പെടുന്ന മത്താ. 8:28-ലെ അർത്ഥസൂചനപ്രകാരം, നിനക്ക് എന്റെമേൽ എന്തധികാരം എന്നു യേശു ഉദ്ദേശിച്ചതായും മനസ്സിലാക്കാം. തുടർന്നു വരുന്ന യേശുവിന്റെ വചനത്തിൽ എന്റെ സമയം എന്ന പരാമർശത്തിലൂടെ യേശു വ്യക്തമാക്കാൻ ശ്രമിക്കുന്നത്, മാതാപിതാക്കൾക്കു വിധേയനായി കഴിയുന്ന വെറുമൊരു ബാലനല്ല താനെന്നും ബന്ധങ്ങളുടെ പുതിയ ഒരു സമയക്രമത്തിലേക്കു താൻ പ്രവേശിച്ചു കഴിഞ്ഞിരിക്കുന്നു എന്നുമാണ്. യേശുവിന്റെ ദൈവപുത്രനടുത്ത സ്വാതന്ത്ര്യമാണ് ഇവിടെ വിവക്ഷിക്കപ്പെടുന്നത്. കാനായിലെ കല്യാണവീട്ടിലെ വീഞ്ഞു പ്രശ്നത്തിനും ദൈവത്തിന്റെ രക്ഷാപദ്ധതിയിൽ എന്തു സ്ഥാനമെന്നതാണ് ആന്തരമായ ചോദ്യം. മറിയമാകട്ടെ, ദൈവികമായ ചിന്തയുടെയും പ്രവൃത്തിയുടെയും നന്മയെ പൂർണമായി ആദരിച്ചുകൊണ്ടും അതിൽ ഇടപെടാതെയുമാണ് പരിചാരകർക്കു നിർദ്ദേശം നല്കുന്നത്. അവൻ പറയുന്നതു ചെയ്യുക.

എനിക്കു വേണ്ടതു ദൈവത്തെ കൊണ്ട് വരുത്തിക്കാനല്ല ശ്രമിക്കേണ്ടത്. ദൈവം നമ്മുടെ പരിചാരകനല്ല; നാം അവിടുത്തെ പരിചാരകരാണ് എന്റെ അനുദിനാവശ്യങ്ങൾ ദൈവത്തെ കൊണ്ട് നിവർത്തിപ്പിക്കാനുള്ള പരിശ്രമമല്ല പ്രാർത്ഥന; മറിച്ച്, ദൈവത്തിന്റെ പ്രവൃത്തികൾ എന്നിൽ പ്രകടമാക്കാനുള്ള സമ്മതം പറച്ചിലാണ് പ്രാർത്ഥന. കാനായിൽ മറിയം മൊഴിഞ്ഞ ചുരുങ്ങിയ വാക്കുകളുടെ പൊരുൾ തേടിയാൽ യഥാർത്ഥ പ്രാർത്ഥനയുടെ ഉദാത്തമായ മാതൃക കണ്ടെത്താനാകും. ഈ വീട്ടിൽ വീഞ്ഞു തീർന്നുപോയിരിക്കുന്നു.; ഇക്കാര്യത്തിൽ യേശുവേ, നിനക്കു ചെയ്യാനുള്ളതെന്താണോ അതിൽ പങ്കാളികളാകാൻ പരിചാരകരായ ഞങ്ങൾ ഇതാ തയ്യാറായി നിൽക്കുന്നു.

യഹൂദരായ അതിഥികൾക്കു ഭക്ഷണത്തിനുമുമ്പ് കൈകഴുകി ശുദ്ധി വരുത്തുന്നതിനായി വെള്ളം നിറച്ചുവയ്ക്കുന്ന കൽഭരണികൾ ആറെണ്ണം ആ വീട്ടിൽ ഉണ്ടായിരുന്നു.

ഉപയോഗിക്കാതെ മാറ്റിവച്ചിരിക്കുന്ന ആ ഭരണികളിൽ വെള്ളം നിറയ്ക്കാനാണ് യേശു പരിചാരകരോട് ആവശ്യപ്പെട്ടത്. കൽഭരണികൾ വക്കോളം നിറഞ്ഞു കഴിഞ്ഞപ്പോൾ അതെടുത്തു വിളമ്പാൻ യേശു പറഞ്ഞു. കോരി നിറച്ചതു വെള്ളമായിരുന്നെങ്കിലും പകർന്നു നല്കിയപ്പോൾ അതു വീഞ്ഞായി. മേൽത്തരം വീഞ്ഞു പോയിട്ട് വെള്ളം ചേർത്ത താഴ്ന്ന തരം വീഞ്ഞു പോലും കിട്ടാനില്ലാത്ത കല്യാണവീട്ടിൽ, ഇതാ, മുന്തിയ ഇനം വീഞ്ഞു സുലഭമായി തീർന്നിരിക്കുന്നു. കഴിക്കുന്നവർക്കോ കലവറക്കാരനോ അറിയില്ലാത്ത പുതിയ വീഞ്ഞിന്റെ ഉറവിടത്തെക്കുറിച്ച് ആകെ അറിയാവുന്നതു പരിചാരകർക്കും മാത്രമാണെന്നാണ് സുവിശേഷകന്റെ സാക്ഷ്യം.

എന്താണു പരിചാരകർക്ക് അറിയാവുന്നത്? വെള്ളമാണ്, വെള്ളം മാത്രമാണ് കോരി നിറച്ചതെന്ന് അവർക്കറിയാം. ഒപ്പം, സ്വന്തം ഇഷ്ടപ്രകാരമല്ല, മറിയത്തിന്റെ നിർദ്ദേശത്തെ തുടർന്ന് യേശു പറഞ്ഞതനുസരിച്ചാണ് വെള്ളം കോരി നിറച്ചതെന്നും അവർക്കറിയാം. വെള്ളം കോരുന്നതു പരിചാരകർക്ക് ഒരു സാധാരണ ജോലിയാണ്. അസാധാരണായി അന്നവർ ആകെ ചെയ്തതു യേശുവിന്റെ വചനപ്രകാരം വെള്ളം കോരിയെന്നതാണ്. രാത്രി മുഴുവൻ വലയെറിഞ്ഞിട്ടു ഒന്നും കിട്ടാതെ മടങ്ങാനൊരുങ്ങിയ ശിഷ്യർ യേശു പറഞ്ഞതനുസരിച്ച് വലയെറിഞ്ഞപ്പോഴാണല്ലോ ജീവിതത്തിലെ ഏറ്റവും വലിയ മീൻപിടുത്തം അവർ നടത്തിയത്. അനുസരണമാണ് അദ്ഭുതത്തിലേക്കുള്ള വാതിൽ. സാധാരണ കാര്യങ്ങൾ ദൈവികമായ കാരണങ്ങളുടെ പേരിൽ ചെയ്യാൻ ശീലിക്കണം. ദൈവത്തിൽ നിന്ന് ആജ്ഞ ലഭിച്ച പരിചാരകപ്പോലെ നിത്യകർമ്മങ്ങൾ ചെയ്യുമ്പോൾ തൊടുന്നതെല്ലാം പൊന്നാകും. യേശുവിന്റെ നാമത്തിൽ നല്കുന്ന ഒരു പാത്രം വെള്ളത്തിനും സ്വർഗത്തിൽ കണക്കുണ്ടല്ലോ. യേശുവിന്റെ വചനത്തിനകത്തു ജീവിക്കുന്നവരുടെ ഭരണികളിൽ വീഞ്ഞു നിറയും, കുട്ടകളിൽ അപ്പം പെരുകും, വലകളിലേക്ക് എല്ലാത്തരം മീനുകളും ഓടിയെത്തും.

**ഉപസംഹാരം**

കാനായിലെ കല്യാണവീട്ടിൽ നടന്ന അദ്ഭുതത്തിന്റെ സന്ദേശം വ്യക്തമാണ് – യേശു വരുന്നത് അടിസ്ഥാനപരമായ മാറ്റത്തിലേക്കു നമ്മെ ക്ഷണിക്കാനാണ്. വെള്ളം വീഞ്ഞാകുന്നതുപോലെ, പാപികൾ വിശുദ്ധരായി രൂപാന്തരപ്പെടണം. ബാഹ്യപെരുമാറ്റ ശൈലികളിൽ മാറ്റമുണ്ടായാൽ പോരാ, ആന്തരികസത്ത തന്നെ മാറണം. വീഞ്ഞ് തീർന്നുപോയിടത്തു വീഞ്ഞിന്റെ കളരും രുചിയുമുള്ള വെള്ളമല്ല വിളമ്പിയത്, മേൽത്തരം വീഞ്ഞു തന്നെയാണ്. കാനായിലെ കല്യാണം നടക്കുന്നത് എന്റെയും നിന്റെയും ജീവിതത്തിലാണ്. ലഹരി തീർന്ന ജീവിതത്തിന്റെ കലവറ നമുക്കു കർത്താവിനെ ഏല്പിക്കാം. സ്വർഗീയ കലവറക്കാരന്റെ ആജ്ഞ കാത്ത് അനുസരണമുള്ള പരിചാരകരായി നമുക്ക് അരമുറുക്കി നിൽക്കാം. നമുക്കു തുടർന്നും വെള്ളം കോരാം, അവന്റെ നാമത്തിൽ. ഈ വാക്കുകളും വെറും വെള്ളമാണ്; കർത്താവു വീഞ്ഞായി പകർത്തട്ടെ.